**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2822** **13-02-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | 2015-ൽ വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിന് അഞ്ച് വർഷം കൊണ്ട് വിനിയോഗിക്കാവുന്ന രീതിയിൽ 475 കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം സമീപ പ്രദേശങ്ങളിൽ ഭാവിയിൽ തീരശോഷണം ഉണ്ടായാൽ ബാധിക്കപ്പെട്ടേക്കാവുന്നവരുടെ പുനരധിവാസത്തിനു വേണ്ടി 5വർഷം കൊണ്ട് 475 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് അനുമതി നൽകിയിരുന്നു. ഫിഷറീസ് ഡയറക്ടറേറ്റിനു കീഴിലുള്ള പി.ഐ.യു മുഖേനയാണ് ഈ പ്രോജക്ട് നടപ്പാക്കുവാനുദ്ദേശിച്ചിരുന്നത്. ഇതിൽ ഭവന നിർമ്മാണത്തിന് 350 കോടി രൂപയും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 125 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളും അവയ്ക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എന്നാൽ ഇതിനുവേണ്ടി പ്രൊജക്ട് തയ്യാറാക്കുകയോ തുക വകയിരുത്തുകയോ ചെയ്തിരുന്നില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | 1) 475 കോടി രൂപയുടെ കരട് പദ്ധതിയിൽ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ജീവനോപാധി പദ്ധതികൾക്കായി പരാമർശിച്ചിട്ടുള്ള 125 കോടി രൂപയിൽ 30.3683 കോടി രൂപയുടെ ഡി.പി.ആർ. പരിശോധിച്ചുവരുന്നു.<br><br>2) വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന 375.63 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി ലഭ്യമാക്കി 7 മത്സ്യഗ്രാമങ്ങളിലായി 1400 കൃത്രിമപാര് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി |

പദ്ധതി മേഖലയിൽ 5.60 കോടി രൂപ ചെലവിൽ 2250 കൃത്രിമപാര് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

3) പദ്ധതി പ്രദേശത്തെ മത്സ്യബന്ധന, മത്സ്യബന്ധന/ മത്സ്യേതര വിഭാഗത്തിലെ തൊഴിലാളികൾക്ക് ജീവനോ

പാധി നഷ്ടപരിഹാരമായി 2697 പേർക്ക് 106.93 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

4. വിഴിഞ്ഞം പ്രദേശത്ത് ശുദ്ധ ജല വിതരണം ഉറപ്പാക്കുന്നതിനായി 7.3 കോടി രൂപ ചെലവിൽ പ്രതിദിനം 3.3 ദശ ലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തി വരുന്നു.

5. 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ഭൂരിഭാഗം വീട്ടുകളിലും (1000 ലധികം) സൗജന്യ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.

6. ഖര മാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

7. വിഴിഞ്ഞം CHC യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

8. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നില നിർത്തുന്നതിനായുള്ളസമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിയിട്ടുണ്ട്.

9. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്ന തിനായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

10. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) ന്റെ കെട്ടിട നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ

| | | | |
|---|---|---|---|
| | | | പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ്.<br><br>11. പദ്ധതി പ്രദേശത്തിനു സമീപം കായിക അടിസ്ഥാന സാകര്യങ്ങളോട്ടു കൂടിയ കളിസ്ഥലം നിർമ്മിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>12. പദ്ധതി പ്രദേശത്ത് ഒഴുകിയെത്തുന്ന തിരുവനന്തപുരം കോർപ്പറേഷൻ വക 9-ഓളം ഓടകൾ എല്ലാം ഒന്നിച്ചുചേരുന്ന ഒരു പ്രധാന ഓട നിർമ്മിച്ച് ഒഴുക്കിവിടുന്നതിലേക്കായി 3.82 കോടി രൂപ മതിപ്പ് ചെലവ് വരുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>13. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതി നായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് തീരശോഷണമുണ്ടായാൽ ബാധിക്കപ്പെടുന്നവർക്ക് നഷ്ടപരിഹാരവും അവരുടെ പുനരധിവാസവും സർക്കാരിന്റെ ചുമതലയിലായിരിക്കുമെന്ന് പ്രസ്തുത പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ സ്ഥലം ഏറ്റെടുക്കൽ, വീട് നിർമാണം, ജീവിതോപാധി കണ്ടെത്തൽ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ സഹായം, വാർദ്ധക്യകാല പരിചരണം, കപ്പാസിറ്റി ബിൽഡിങ് എന്നീയിനങ്ങളിൽ വകയിരുത്തിയ തുക കാര്യക്ഷമമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | പരിസ്ഥിതി പഠന റിപ്പോർട്ട് അനുസരിച്ചും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ വിലയിരുത്തലുകളനുസരിച്ചും തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുകയില്ല എന്നാണെങ്കിലും പനത്തുറ മുതൽ വേളി വരെ തീരദേശത്ത് താമസിക്കുന്നവരെ പുനരധിവ സിപ്പിക്കുന്നതിനായി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി 50 ഏക്കർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 190 ഏക്കറോളം സ്വകാര്യ ഭൂമിയും 118.32 ഏക്കർ സർക്കാർ ഭൂമിയും കണ്ടെത്തുകയും ഇതിൽ 6.26 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കി ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>പുനരധിവാസത്തിനായി കണ്ടെത്തിയ സർക്കാർ ഭൂമിയിൽ ആറ്റിപ്ര വില്ലേജിൽ സെന്റ് മഗ്ദലീന ചർച്ചിന് സമീപം 1.65 ഏക്കർ ഭൂമി സ.ഉ. (കൈ) നം. 197/2019/റവ തീയതി 25.06.2019 പ്രകാരം ഫിഷറീസ് വകുപ്പിന് കൈവശാവകാശം കൈമാറി നൽകുന്നതിന് അനുമതി ഉത്തരവായെങ്കിലും പള്ളിക്കാരുടെ തർക്കത്തെ തുടർന്ന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. |

മുട്ടത്തറ വില്ലേജിൽ വലിയതുറയിൽ 2.94 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ട്. ഈ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് സ.ഉ.(സാധാ)നം. 303/2021/മ.ത്സ.വ. തീയതി 16.06.2021 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വികലാംഗർക്ക് പുനരധിവാസം ഉറപ്പാക്കാതെ വലിയതുറയിൽ ഫ്ലാറ്റ് നിർമ്മാണം അനുവദിക്കാൻ കഴിയില്ല എന്നാണ് ഒരു വിഭാഗം പ്രദേശവാസികളുടെ വാദം. ആയതിനാൽ നിർമ്മാണം ആരംഭിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല.

വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിന് ഭരണാനുമതി ലഭിച്ച ശേഷം കേരളത്തിലെ തീരദേശത്തെ കടലാക്രമണ ഭീഷണി മനസ്സിലാക്കി തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് കഴിയുമാറ് 2450 കോടി രൂപയുടെ പുനർഗേഹം എന്ന ബൃഹത് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയത്. വിഴിഞ്ഞം പുനരധിവാസ പദ്ധതിയിൽ പ്രഖ്യാപിച്ചിരുന്ന പനത്തുറ മുതൽ വേളി വരെയുള്ള പ്രദേശവും പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ 1665 ഭവനങ്ങൾ ഉണ്ടായിരുന്നതായി 2018-ൽ നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 963 പേർ മാത്രമാണ് സുരക്ഷിത മേഖലയിലേക്ക് മാറി താമസിക്കുവാൻ തയ്യാറായത്. ഇതിൽ 84 പേർ ഭൂമി കണ്ടെത്തുകയും 63 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 28 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ മേൽ പ്രദേശത്ത് കടലാക്രമണ ത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്കും കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരുടെ പുനരധിവാസ ത്തിനായി മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശം ഉള്ള 17.43 ഏക്കർ ഭൂമിയിൽ നിന്നും 8 ഏക്കർ ലഭ്യമാക്കുന്നതിന് അനുകൂല നടപടികളും നടന്നു വരുന്നു. ഭൂമി ലഭിച്ചാലുടൻ ഉടനെ ഫ്ലാറ്റ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി കൈമാറി തരാം എന്ന് സമ്മതിച്ച കടകംപള്ളി വില്ലേജിലെ 2 ഏക്കർ ഭൂമിയിലും കെട്ടിട സമുച്ചയ നിർമ്മാണത്തിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനു മായി കോട്ടപ്പുറത്ത് പകൽ വീട് സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഇതിനുപുറമെ സർക്കാർ ധനസഹായത്താൽ നടപ്പാക്കുന്ന ഇതര പദ്ധതികളുമായി ബന്ധപ്പെടുത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായ ത്തോടെയും വിഴിഞ്ഞം പദ്ധതി മേഖലയിൽ താഴെ പറയുന്ന പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ 150 മത്സ്യത്തൊഴിലാളി യുവാക്കൾക്ക് കടൽ രക്ഷാപ്രവർത്തനത്തിൽ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 112 പേരും വിഴിഞ്ഞം തുറമുഖ പദ്ധതി മേഖലയിൽ ഉൾപ്പെടുന്നവരാണ്. സാഫ് മുഖേന സ്ത്രീ ശാക്തീകരണത്തിനായി തീരനൈപുണ്യ പരിശീലനവും സൂക്ഷ്മ തൊഴിൽ സംരംഭങ്ങളും പലിശ രഹിത വായ്പയും മത്സ്യ വിൽപ്പനയിൽ ഏർപ്പെടുന്നവർക്ക് റിവോൾവിങ് ഫണ്ടും സീ ഫുഡ് റെസ്റ്റോറൻറും മത്സ്യ വിൽപ്പനയ്ക്കായി കിയോസ്കുകളും അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതികളിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ ധനസഹായത്തിന് പുറമെ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് ടെസ്റ്റ് പരിശീലനം, സിവിൽ സർവീസ് പരിശീലനം, പി.എസ്.സി. പരീക്ഷ പരിശീലനം മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കൽ എന്നിവയും പരിശീലന ബോധവത്കരണ പരിപാടികളുടെ ഭാഗമായി കരിയർ ഗൈഡൻസ്, ബോധവത്കരണ ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠന ഉപകരണങ്ങൾ നല്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലാപ് ടോപ് വിതരണവും മേഖല ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കടൽ ദിശാ സൂചക ഉപകരണങ്ങൾ, രക്ഷാ ഉപകരണങ്ങളുമായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, GPS, NAVIC, സാറ്റലൈറ്റ് ഫോൺ, ഇക്കോ സൗണ്ടർ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. പിടിച്ചെടുത്ത മത്സ്യം കേട് കൂടാതെ കരക്കെത്തിക്കുന്നതിന് കഴിയുമാറ് ഇൻസുലേറ്റഡ് ബോക്സും അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക്

| | | | |
|---|---|---|---|
| | | | ജീവനോപാധിയായി വള്ളവും വലയും നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

| Sl. No. | Abstract | Amount (Rs. in crores) |
|---|---|---|
| 1. | Housing Support | 350.00 |
| 2. | Livelihood to fishermen | 59.00 |
| 3. | Capacity Building for fishermen | 0.50 |
| 4. | Fisherwomen Empowerment Programme | 39.00 |
| 5. | Education | 24.00 |
| 6. | Geriatric Care (Pakal Veedu) | 2.50 |
| **Total** | | **475.00** |

| ക്രമ നം. | വിഭാഗങ്ങൾ | എണ്ണം | തുക (കോടി) |
|---|---|---|---|
| 1 | ചിപ്പി/ ലോബ്സ്റ്റർ തൊഴിലാളികൾ | 262 | 12.36 |
| 2 | കരമടി ഉടമസ്ഥർ/ തൊഴിലാളികൾ | 916 | 54.92 |
| 3 | കരമടി അനുബന്ധ സ്ത്രീത്തൊഴിലാളികൾ | 11 | 0.11 |
| 4 | കട്ടമര ഉടമസ്ഥർ | 43 | 1.81 |
| 5 | മണ്ണെണ്ണ ആനുകൂല്യം ലഭിച്ചവർ | 1221 | 31.57 |
| 6 | റിസോർട്ട് തൊഴിലാളികൾ | 211 | 6.08 |
| 7 | സ്വയം സഹായ സംഘങ്ങൾ | 33 | 0.08 |
| | ആകെ | 2697 | 106.93 |